REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 14-03-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **അസമിലെ സിൽചാറിൽ 23,550 കോടി രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിച്ചു.**
- **ആരോഗ്യരംഗത്ത് കേരളം ലോകത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ശബരിമല യുവതീ പ്രവേശനത്തിൽ, വിശ്വാസികളുടെ താൽപര്യങ്ങൾ സംരക്ഷിച്ച് മുന്നോട്ട് പോകുമെന്ന് മന്ത്രി VN വാസവൻ.**
- **നിയമസഭാ തിരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്താൻ ഒരുക്കങ്ങൾ സജീവമാക്കി തിരഞ്ഞെടുപ്പ് കമ്മീഷൻ.**
- **ഹൈദരാബാദിൽ FIH ഹോക്കി ലോകകപ്പ് ക്വാളിഫയർ ഫൈനൽ പോരാട്ടത്തിൽ, ഇന്ത്യൻ വനിതകൾ, ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.**

## വാർത്തകൾ വിശദമായി

അസം സന്ദർശനത്തിന്റെ രണ്ടാം ദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സിൽചാറിൽ 23,550 കോടി രൂപയുടെ പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിച്ചു. വടക്കുകിഴക്കൻ ഇന്ത്യയിലെ ആദ്യത്തെ ഗ്രീൻഫീൽഡ് ഹൈസ്പീഡ് കോറിഡോറായ 166 കിലോമീറ്റർ ദൂരം വരുന്ന ഷില്ലോങ് - സിൽചാർ കോറിഡോറിന്റെ ഭൂമിപൂജ പ്രധാനമന്ത്രി നിർവഹിച്ചു.

ഉച്ചയോടെ പശ്ചിമ ബംഗാളിലെത്തുന്ന പ്രധാനമന്ത്രി, കൊൽക്കത്തയിൽ 18,680 കോടിയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും. 16,990 കോടി രൂപയുടെ വിവിധ ദേശീയ പാത പദ്ധതികൾ, പശ്ചിമ

ബംഗാളിലെയും ജാർഖണ്ഡിലെയും NH-19, NH-114 പദ്ധതികൾ, ഖരഗ്പൂർ-മോറെഗ്രാം സാമ്പത്തിക ഇടനാഴി തുടങ്ങിയവ ഇവയിൽ ഉൾപ്പെടും.

ഇന്നലെ അസമിൽ 24,000 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചിരുന്നു.

✪✪✪

എല്ലാ സൂക്ഷ്മ - ന്യൂനപക്ഷ സമൂഹങ്ങളുടെയും ക്ഷേമത്തിന്, ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു പറഞ്ഞു.

രാജ്യത്തെ സൂക്ഷ്മ ന്യൂനപക്ഷ സമൂഹങ്ങളുടെ അംഗീകാരത്തിന്റെയും, സംരക്ഷണത്തിന്റെയും ആവശ്യകതയെക്കുറിച്ച് ബിജെപി നേതാവ് രാജീവ് ചന്ദ്രശേഖർ നൽകിയ നിവേദനം സ്വീകരിച്ച ശേഷം സമൂഹ മാധ്യമ കുറിപ്പിലാണ് റിജിജു ഇക്കാര്യം വ്യക്തമാക്കിയത്.

എല്ലാ പദ്ധതികളും സംരംഭങ്ങളും ന്യായവും സുതാര്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്നും, ചെറുതും ദുർബലവുമായ വിഭാഗങ്ങൾക്ക് അർഹമായ ശ്രദ്ധ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നുണ്ടെന്നും കേന്ദ്ര മന്ത്രി കൂട്ടിച്ചേർത്തു.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ത്യയിലകപ്പെട്ട വിദേശ പൗരൻമാരുടെ വിസാ കാലാവധി ഒരു മാസത്തേക്ക് സൗജന്യമായി നീട്ടിയതായി, ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ, സാമൂഹിക മാധ്യമത്തിൽ വ്യക്തമാക്കി.

ഫെബ്രുവരി 28 ന് ശേഷം വിസ പ്രശ്നങ്ങൾ കാരണം ഇന്ത്യയിൽ കുടുങ്ങിക്കിടക്കുന്ന, വിദേശ പൗരൻമാർക്കായിരിക്കും ഈ ഇളവുകൾ ബാധകമായിരിക്കുക.

✪✪✪

46,000 മെട്രിക് ടൺ LPG യും വഹിച്ച് എണ്ണക്കപ്പലായ 'നന്ദാ ദേവി' ഹോർമുസ് ഇടനാഴി കടന്നതായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. നേരത്തെ 'ശിവാലിക്ക്' എന്ന എണ്ണക്കപ്പലും ഹോർമുസ് ഇടനാഴി കടന്നിരുന്നു.

രണ്ടാമത്തെ എണ്ണക്കപ്പൽ കൂടി ഇന്ത്യൻ തീരമണയുന്നതോടെ നിലവിലെ LPG പ്രതിസന്ധിക്ക് അയവുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

✪✪✪

CE-20 ക്രയോജനിക് എഞ്ചിന്റെ, സമുദ്രനിരപ്പിലെ പരീക്ഷണം വിജയകരമായി പൂർത്തീകരിച്ചതിന് ISRO യെ കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് അഭിനന്ദിച്ചു. തമിഴ്നാട്ടിലെ മഹേന്ദ്രഗിരിയിൽ നടത്തിയ പരീക്ഷണം, രാജ്യത്തിന്റെ നൂതന ക്രയോജനിക് പ്രൊപ്പൽഷൻ കഴിവുകൾ ശക്തിപ്പെടുത്തുന്നതിൽ, പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് മന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ആരോഗ്യരംഗത്ത് കേരളം ലോകത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആ വിധത്തിലുള്ള പുരോഗതിയാണ് ഈ രംഗത്ത് സംസ്ഥാനം കൈവരിച്ചതെന്നും മുഖ്യമന്ത്രി അറിയിച്ചു. കണ്ണൂർ ഇരിവേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

നബാർഡിന്റെയും, സംസ്ഥാന ഗവൺമെന്റിന്റെയും സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. 17 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കിയത്.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉച്ചയ്ക്ക് ശേഷം കണ്ണൂർ വേങ്ങാട് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. വൈകിട്ട് പാലയാട് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് കെട്ടിടത്തിന്റെയും, കണ്ണൂർ സർവകലാശാല ഡോ. ജാനകി അമ്മാൾ കാമ്പസ് വനിതാ ഹോസ്റ്റലിന്റെയും മറ്റ് വികസന പ്രവർത്തനങ്ങളുടെയും ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

തുടർന്ന് പിണറായി ആയുർവേദ ആശുപത്രി കെട്ടിടവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

ശബരിമല യുവതീ പ്രവേശനത്തിൽ വിശ്വാസികളുടെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മുന്നോട്ട് പോകുമെന്ന് മന്ത്രി വി എൻ വാസവൻ പറഞ്ഞു. യുവതീ പ്രവേശനം സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് ആചാരപരമായ കാര്യങ്ങളിൽ പാണ്ഡിത്യമുള്ളവരും, സാമൂഹിക പരിഷ്കർത്താക്കളുമാണെന്നും അദ്ദേഹം പറഞ്ഞു. ഇത് നേരത്തെ തന്നെ കോടതിയെ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് മലക്കം മറിയുന്ന നിലപാടാണ് പിണറായി ഗവൺമെന്റ് ശബരിമല സ്ത്രീപ്രവേശനത്തിൽ ഇപ്പോൾ

സ്വീകരിച്ചിരിക്കുന്നതെന്ന് BJP സംസ്ഥാന സെക്രട്ടറി M.T രമേശ് പറഞ്ഞു. കോട്ടയത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗവൺമെന്റ് വിശ്വസികൾക്കൊപ്പമെന്ന് പറയുമ്പോൾ 2008 ൽ വിശ്വസികൾക്കെതിരെ എടുത്ത കേസുകൾ പിൻവലിച്ച് മാപ്പു പറയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

വൈദ്യുതി പ്രതിസന്ധി ഉണ്ടായാലും മറികടക്കാൻ സംസ്ഥാനം സജ്ജമാണെന്നും, നിലവിൽ വൈദ്യുതി നിയന്ത്രണം ഉണ്ടാകില്ലെന്നും മന്ത്രി K. കൃഷ്ണൻകുട്ടി പറഞ്ഞു. LPG ക്ഷാമം കാരണം ജനങ്ങൾ ഇൻഡക്ഷൻ അടുപ്പുകൾ ഉപയോഗിക്കുന്നത് വർധിച്ചിട്ടുണ്ട്. എന്നാൽ, നിലവിൽ കേരളത്തിൽ വൈദ്യുതി പ്രതിസന്ധിയോ, ആശങ്കയോ ഇല്ലെന്നും സംസ്ഥാനത്തിന് പുറത്ത് നിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരേണ്ട സാഹചര്യമില്ലെന്നും മന്ത്രി K കൃഷ്ണൻകുട്ടി വ്യക്തമാക്കി. ജനങ്ങൾ സ്വയം വൈദ്യുതി നിയന്ത്രിക്കണമെന്നും മന്ത്രി പാലക്കാട്ട് ആവശ്യപ്പെട്ടു.

✪✪✪

മാങ്കാവ്, ഗാന്ധി റോഡ്, വെസ്റ്റ്ഹിൽ, കൊയിലാണ്ടി സബ്സ്റ്റേഷനുകളിൽ രാത്രി അത്യാവശ്യ ഘട്ടങ്ങളിൽ വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയുണ്ടെന്ന് കോഴിക്കോട് ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു.

അന്തരീക്ഷ താപനില ഉയരുകയും രാത്രിയിലെ വൈദ്യുതി ഉപയോഗം ഗണ്യമായി വർധിക്കുകയും ചെയ്തതിനാൽ നിലവിലെ 110 കെ.വി ലൈനിലെ ഓവർലോഡ് നിയന്ത്രിക്കുന്നതിനാണ് നടപടി.

✪✪✪

നാളെ രാവിലെ 10 മണി മുതൽ വൈകിട്ട് മൂന്നുവരെ കണ്ണൂർ, കാസർകോട് ജില്ലകളിൽ വൈദ്യുതി വിതരണം ഭാഗികമായി തടസ്സപ്പെടുമെന്ന് KSEB അറിയിച്ചു.

പ്രവൃത്തി നടത്തുന്നതിനായി 220 കെ.വി. അരീക്കോട്-കാഞ്ഞിരോട്, ഓർക്കാട്ടേരി-കാഞ്ഞിരോട് ലൈനുകൾ ഓഫ് ചെയ്യുന്നതിനാലാണ് വൈദ്യുതി തടസ്സം.

✪✪✪

ബംഗളൂരുവിൽ നിന്നും മംഗലാപുരം വഴി കണ്ണൂരിലേക്ക് സർവീസ് നടത്തുന്ന 16511, 16512 നമ്പർ എക്സ്പ്രസ് ട്രെയിൻ, നാളെ മുതൽ കോഴിക്കോട്ടേക്ക് നീട്ടും. രാവിലെ 10.55-ന് കണ്ണൂരിലെത്തുന്ന ട്രെയിൻ, ഉച്ചയ്ക്ക് 12.40-ന്

കോഴിക്കോട് എത്തും. വൈകുന്നേരം 3.30-ന് കോഴിക്കോട് നിന്ന് പുറപ്പെട്ട് 5 മണിക്ക് കണ്ണൂരിലെത്തും.

തുടർന്ന് കണ്ണൂരിൽ നിന്നും പഴയ സമയക്രമം പാലിച്ച് ബംഗളൂരുവിലേക്ക് സർവീസ് തുടരും. ഇതോടെ മലബാർ ജില്ലകളിൽ നിന്ന് ബാംഗ്ലൂരിലേക്ക് അനുഭവപ്പെടുന്ന യാത്രാക്ലേശത്തിന് അൽപമെങ്കിലും ആശ്വാസമാകുമെന്ന് MK രാഘവൻ എം പി.പറഞ്ഞു.

✪✪✪

മീനമാസ പൂജയ്ക്കായി ശബരിമല നട വൈകിട്ട് അഞ്ചിന് തുറക്കും. നാളെ പുലർച്ചെ മുതൽ പൂജകൾ ആരംഭിക്കും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

.....(വോയ്സ് )..........

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്താൻ ഒരുക്കങ്ങൾ സജീവമാക്കി തിരഞ്ഞെടുപ്പ് കമ്മീഷൻ. മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ, വിവിധ ജില്ലകളിലെ കലക്ടർമാരുമായി പ്രാഥമിക കൂടിയാലോചനകൾ നടത്തി. വോട്ടെടുപ്പ് സുതാര്യവും, കാര്യക്ഷമവുമാക്കാനാവശ്യമായ ആധുനിക സാങ്കേതിക സജ്ജീകരണങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച്, കലക്ടർമാരുമായി കേൽക്കർ ചർച്ച നടത്തി. പോളിംഗ് ശതമാനം വർദ്ധിപ്പിക്കാൻ ശക്തമായ ഇടപെടലുകൾ നടത്തണമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ കൂടിയായ കലക്ടർമാർക്ക് അദ്ദേഹം നിർദ്ദേശം നൽകി. പൂർണമായും ഹരിത പ്രോട്ടോക്കോൾ പാലിച്ചായിരിക്കും ഇത്തവണ തിരഞ്ഞെടുപ്പ് നടപടികൾ. ഭിന്നശേഷിക്കാർക്ക് വോട്ട് ചെയ്യാനാവശ്യമായ ക്രമീകരണങ്ങൾ എല്ലാ പോളിംഗ് സ്റ്റേഷനുകളിലും ഉറപ്പാക്കും.

തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് തൊട്ടുപിന്നാലെ രാഷ്ട്രീയ പാർട്ടികളുമായും, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ചർച്ചകൾ നടത്തും.

✪✪✪

സംസ്ഥാനത്ത് SIR അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം ഒരു ലക്ഷത്തി 58,212 പേർ കൂടി വോട്ടർ പട്ടികയിൽ ഇടം നേടിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ വൃത്തങ്ങൾ അറിയിച്ചു. 2026 മാർച്ച് 13 വരെയുള്ള കണക്കനുസരിച്ച്, സംസ്ഥാനത്തെ ആകെ വോട്ടർമാരുടെ എണ്ണം 2 കോട,71

ലക്ഷത്തി,11,856 ആയി ഉയർന്നു. ഫെബ്രുവരി 21-ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയിൽ 2 കോടി,69 ലക്ഷത്തി 53,644 വോട്ടർമാരാണുണ്ടായിരുന്നത്.

നിയമസഭാ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ, അവസാന തീയതിയോട് അനുബന്ധിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശപ്രകാരം സംയോജിത വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

✪✪✪

ഹൈദരാബാദിൽ FIH ഹോക്കി ലോകകപ്പ് ക്വാളിഫയർ ഫൈനൽ പോരാട്ടത്തിൽ ഇന്ത്യൻ വനിതകൾ, ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. വൈകീട്ട് 7.30 നാണ് മത്സരം.

ഇന്നലെ സെമി ഫൈനലിൽ, ഇറ്റലിയെ ഏകപക്ഷീയമായ ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിൽ പ്രവേശിച്ചത്. ഇതോടെ 2026 ലോകകപ്പിന് ഇന്ത്യ യോഗ്യത നേടി.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകീട്ട് അഞ്ചിന് കൊൽക്കത്തയിലാണ് മൽസരം.

മറ്റൊരു മൽസരത്തിൽ ബെംഗളുരു FC, മോഹൻ ബഗാനെ നേരിടും. രാത്രി 7.30 ന് ബെംഗളുരുവിലാണ് മൽസരം.

✪✪✪

കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'മീറ്റ് പോയിന്റ്' ടേക്ക് എവേ' കൗണ്ടറുകൾക്ക് പാലക്കാട് ജില്ലയിൽ തുടക്കമായി. ജില്ലാതല ഉദ്ഘാടനം രാവിലെ കൊഴിഞ്ഞാമ്പാറ കരുവപ്പാറയിൽ നടന്നു.

പാലക്കാട്ട് നിന്നും ഫൈസൽ അലി മുത്ത് ......

...... (വോയ്സ്)...

✪✪✪

ബാലുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റും, കോട്ടൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റും ബാലുശേരി ഏരിയയിലെ മുതിർന്ന CPIM നേതാവുമായിരുന്ന P.K ഗംഗാധരൻ കോഴിക്കോട് അന്തരിച്ചു. 78 വയസ്സായിരുന്നു.

CPIM ബാലുശേരി ഏരിയാകമ്മറ്റി അംഗമായും, ദീർഘകാലം കർഷക തൊഴിലാളി യൂണിയൻ ഏരിയാ കമ്മറ്റിയംഗമായും പ്രവർത്തിച്ചു. 1995ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, 2000 ൽ കോട്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമായും പ്രവർത്തിച്ചു.

സംസ്കാരം വൈകീട്ട് നാലരയ്ക്ക് ബാലുശ്ശേരി തൃക്കുറ്റിശ്ശേരിയിൽ നടക്കും.

✪✪✪

ഇന്ന് അന്താരാഷ്ട്ര നദി സംരക്ഷണ പ്രവർത്തന ദിനം. നദികളെ സംരക്ഷിക്കുക, നദീസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുക എന്നിവയാണ് ദിനാചരണ ലക്ഷ്യം.

✪✪✪

സംസ്ഥാനത്ത് പകൽ താപനില ഉയരുന്നു. ആലപ്പുഴ, കോട്ടയം ജില്ലകളിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്ന് പരമാവധി 37 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി വരെയും താപനില രേഖപ്പെടുത്താനിടയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഈ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

---

.

News Editor: ശ്രുതി എം, News Reader: സബിത കെ, News team: സയ്യിദ് അലി ശിഹാബ്, മണികണ്ഠൻ, DEO: ഷീബ